16/3/22

DESPATCHED
On 18/03/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 3(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.14/SIC-Gen4/2022**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 16**

ശ്രീ. രഞ്ജിത് എം.ദാസ്,
രഞ്ജിത് ഭവൻ,
വടക്കേവിള, ആട്ടുകാൽ,
ചുള്ളിമാനൂർ പി.ഒ.,
നെടുമങ്ങാട്, തിരുവനന്തപുരം – 695 541.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പ്രഥമാധ്യാപിക,
ഗവൺമെന്റ് എൽ.പി.എസ്. കുഴിവിള,
ഇരിഞ്ചയം പി.ഒ., നെടുമങ്ങാട്,
തിരുവനന്തപുരം – 695 561.
2. അപ്പീൽ അധികാരി &
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
നെടുമങ്ങാട്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 27.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.8.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 6.9.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 30.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 31.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 1.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 21.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 15.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രഞ്ജിത് എം.ദാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ നൽകിയ വിവരാവകാശ അപേക്ഷയിൽ

ആവശ്യപ്പെട്ട വിവരം ഒന്നാകെ എതിർകക്ഷികൾ നിഷേധിച്ചിരിക്കുകയാണെന്നും വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരമുള്ള നടപടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി സ്വീകരിച്ചിട്ടില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാൻ കമ്മീഷൻ സത്വര നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീമതി. ദീപാറാണി വി.ടി., നീലു നിലയം, നിയർ ഉഷാനഴ്സറി, അരിയല്ലൂർ പി.ഒ., വള്ളിക്കുന്ന്, മലപ്പുറം എന്ന മേൽവിലാസത്തിൽ ടി സ്കൂളിൽ എൽ.പി.എസ്.എ ആയി സർവ്വീസിൽ പ്രവേശിച്ച സമയത്ത് നിയമന ഉത്തരവിനോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.8.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടിയാൻ ആവശ്യപ്പെട്ട വിവരം ഒന്നാകെ നിഷേധിച്ചുകൊണ്ടാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയത് എന്ന് ആരോപിച്ചുകൊണ്ട് സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ 30.9.2021-ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീമതി. ദീപാറാണി സർവ്വീസിൽ പ്രവേശിച്ച സമയത്ത് നിയമന ഉത്തരവിനോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകളുടെ പകർപ്പുകൾ ഓഫീസ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല എന്നും അതിന്റെ യഥാർത്ഥ രേഖകൾ മേലധികാരി കണ്ട് ബോധ്യപ്പെട്ടശേഷം ആയതു സേവന പുസ്കത്തിൽ പതിച്ചു സൂക്ഷിക്കുകയും ടിയാരി ടി സ്കൂളിൽ നിന്നും സ്ഥലംമാറ്റം വഴി ഗവൺമെന്റ് എൽ.പി.എസ് കൊല്ലയിലേയ്ക്ക് പോയിട്ടുള്ളതും ടിയാരിയുടെ സേവന പുസ്തകവും രേഖകളും ടി സ്കൂളിലേയ്ക്ക് നൽകിയിട്ടുള്ളതുമാണെന്നു കുഴിവിള ഗവൺമെന്റ് എൽ.പി.എസ്. സ്കൂളിലെ എസ്.പി.ഐ.ഒ അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരനായ ശ്രീ. രഞ്ജിത് എം.ദാസ് വിവരാവകാശ നിയമ പ്രകാരം 2012-13 കാലയളവിൽ ടി സ്കൂളിൽ എൽ.പി.എസ്.എ ആയിരുന്ന ശ്രീമതി. ദീപാറാണി വി.ടി., (നീലുനിലയം, നിയർ ഉഷാനഴ്സറി, അരിയല്ലൂർ പി.ഒ., വള്ളിക്കുന്ന്, മലപ്പുറം) സർവ്വീസിൽ പ്രവേശിച്ച സമയത്ത് നിയമന ഉത്തരവിനോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ 2020 ജൂൺ 15-ന് പ്രഥമാധ്യാപിക സ്ഥലം മാറിപ്പോയതിനെ തുടർന്ന് ടീച്ചർ-ഇൻ-ചാർജ്ജ് ആയിരുന്ന ശ്രീമതി. സിന്ധു വി.കെ. നായർ എന്ന അധ്യാപികയ്ക്ക് അപേക്ഷ നേരിട്ട് നൽകുകയാണ് ഹർജിക്കാരൻ ചെയ്തതെന്നും തുടർന്ന് ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കണ്ടെത്താൻ തെരച്ചിൽ നടത്തിയെങ്കിലും രേഖകൾ കണ്ടെത്താൻ കഴിഞ്ഞില്ലെന്നും ആയതിനാൽ

ടി കാലയളവിൽ ഉണ്ടായിരുന്ന പ്രഥമാധ്യാപികയോട് ആയത് സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞപ്പോൾ അവ സേവന പുസ്തകത്തിൽ പതിപ്പിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞതെന്നും ആ വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് 18.8.2021-ൽ എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ടിയാൻ 6.9.2021-ൽ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് കൃത്യമായ വിശദാംശങ്ങൾ നൽകുന്നതിലേയ്ക്കായി കുഴിവിള ഗവൺമെന്റ് എൽ.പി.എസ് പ്രഥമാധ്യാപികയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതിൻപ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 30.9.2021-ൽ അപ്പീലിനുള്ള മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും ഹർജിക്കാരൻ രേഖകൾ ആവശ്യപ്പെട്ട ശ്രീമതി. ദീപാറാണി എന്ന അധ്യാപിക കുഴിവിള ഗവൺമെന്റ് എൽ.പി.എസിൽ നിന്നും കൊല്ല ഗവൺമെന്റ് എൽ.പി.എസിലേക്ക് സ്ഥലം മാറിപ്പോയിട്ടുള്ളതും ടിയാരി ജോലിയിൽ പ്രവേശിച്ച സമയത്ത് നിയമന ഉത്തരവിനോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ച് ആയത് സേവനപുസ്തകത്തിൽ ചേർത്തിരുന്നതായും ആയത് ടിയാരി സ്ഥലംമാറിപ്പോയ സ്കൂളിലേക്ക് അയച്ചു നൽകിയെന്നും കാണിച്ച് കുഴിവിള ഗവൺമെന്റ് എൽ.പി.എസിലെ വിവരാവകാശ ഓഫീസർ നൽകിയ മറുപടി തൃപ്തികരമാണെന്നും കാണിച്ച് അപ്പീൽ തീർപ്പാക്കിയിരുന്നു എന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ശ്രീമതി. ദീപാറാണി എന്ന അധ്യാപികയുടെ സേവനപുസ്തകത്തിൽ പതിപ്പിച്ചിട്ടുള്ള രേഖകളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ ശ്രീമതി. ദീപാറാണി നിലവിൽ കൊല്ല ഗവൺമെന്റ് എൽ.പി.എസിലേക്ക് സ്ഥലം മാറിപ്പോയിട്ടുള്ളതുമാണ്. ഒരു വിവരാവകാശ അപേക്ഷയിലെ കാര്യം മറ്റൊരു പൊതു അധികാരസ്ഥാപനവുമായി ബന്ധപ്പെട്ടവയാണെന്ന് കണ്ടാൽ ആ പൊതു അധികാരി എത്രയും പെട്ടെന്ന് ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം അപേക്ഷയുടെ പകർപ്പ് അയച്ചുകൊടുത്ത് വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ ഇക്കാര്യത്തിൽ അത്തരത്തിലുള്ള ഒരു നടപടി സ്വീകരിക്കാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒന്നുംതന്നെ ഫയലിൽ ഇല്ല എന്നുള്ള മറുപടിയാണ് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ളത്. ടി വീഴ്ച വിവരാവകാശ നിയമം 6(3) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരിയായ പരാമർശിത

കാലയളവിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീമതി. സിന്ധു വി.കെ. നായർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള ടിയാളുടെ വിശദീകരണം 31.3.2022നകം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാളുടെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനായി ശ്രീമതി. ദീപാറാണി ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നത് എന്ന് കണ്ടെത്തി ടിയാളുടെ സർവ്വീസ് ബുക്കിൽ പതിച്ചിട്ടുള്ളതായി പറയുന്ന ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി ഹർജിക്കാരന്റെ അപേക്ഷ ടി സ്ഥാപനത്തിലേക്ക് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം 25.3.2022നകം ഒന്നാം എതിർകക്ഷി അയച്ചുകൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത

മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk